
# അക്ഷരപ്പൂക്കൾ

ഡിജിറ്റൽ മാഗസിൻ



*അക്ഷരങ്ങളാകുന്ന പൂക്കൾ നിങ്ങൾക്കു മുന്നിൽ ഇതാ വിരിയുന്നു.....*




ഡിജിറ്റൽ മാഗസിൻ

ഐ ടി അധിഷ്ഠിത വിദ്യാഭ്യാസത്തിൽ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്നതിനും കമ്പ്യൂട്ടറിൽ പ്രാഗത്ഭ്യം വർധിപ്പിക്കുന്നതിനും ഉള്ള കൂട്ടായ്മ.

പി കെ എച്ച് എസ് ചിറ മഞ്ഞപ്ര 2022 - 25 ലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരുക്കിയ ഡിജിറ്റൽ മാഗസിൻ

# അക്ഷരപ്പൂക്കൾ




## സമർപ്പണം

ഓർമ്മകളുടെ സുഗന്ധവുമായി ഒരു വസന്തകാലത്തെ വരവേൽക്കാൻ ഇതാ.... ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ പ്രമാണം ഔന്നത്യം ലാളിത്യത്തിന് വഴിമാറുമ്പോൾ അത്ഭുതങ്ങളാണ് പിറക്കുന്നതെന്ന് കാട്ടി തന്നതിന്.......
അറിവിനേക്കാൾ അനുഭവങ്ങളുടെ വെളിച്ചം പകർന്നതിന്......
നന്ദിയല്ല..... ബഹുമാനമല്ല.......
അതിലുപരി സ്നേഹമാണ് ......
സ്നേഹം മാത്രം......

ഡി
ജി
റ്റ
ൽ

മാ
ഗ
സി
ൻ

# ആമുഖം

വിവരണസാങ്കേതിക വിദ്യയെ
സാധാരണക്കാരനിലേക്കു പോലും
എത്തിക്കാനാകും എന്ന് പുതുതലമുറ
തെളിയിച്ചു കഴിഞ്ഞിരിക്കുന്നു.
വിവരണസാങ്കേതിക വിദ്യയിലുള്ള
കുട്ടികളുടെ കഴിവ് വളർത്താനായി
കേരളത്തിലെ പൊതു
വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന
പദ്ധതിയാണ് ലിറ്റിൽകൈറ്റ്സ്.
അക്ഷരപ്പൂക്കൾ എന്ന മാഗസിനിലൂടെ
ഞങ്ങളുടെ ഹൃദയ സ്പന്ദനങ്ങലൾ......

ഡിജിറ്റൽ മാഗസിൻ

# ആശംസ

**വിവരസാങ്കേതിക വിദ്യയുടെ അനന്തവിഹായസ്സിലേയ്ക്ക് കുതിക്കുന്ന കുട്ടിക്കൂട്ടങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ പിന്തുണയും ആശംസകളും നേരുന്നു.**



സസ്നേഹം......

ഇന്ദുലേഖ കെ

പ്രധാനാധ്യാപിക

ഡിജിറ്റൽ മാഗസിൻ

# ആശംസ

**അറിവിൻറെ ആകാശത്തേക്ക് പറന്നുയരാൻ കുട്ടികൾക്ക്**
**അവസരമൊരുക്കുന്ന ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന ഡിജിറ്റൽ**
**മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

സസ്നേഹം......
LK, SATC

# ആശംസ

പൊതു വിദ്യാഭ്യാസത്തിൻറെ ഭാഗമായി സ്കൂളിൽ നടപ്പാക്കി
വരുന്ന ഐ റ്റി അധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയായ ലിറ്റിൽ
കൈറ്റിനും അതിൻറെ ഭാഗമായി കുട്ടികളുടെ സർഗാത്മക
കഴിവുകളുടെ ശേഖരമായ അക്ഷരപ്പൂക്കൾ എന്ന ഡിജിറ്റൽ
മാഗസിന് എല്ലാവിധ വിജയങ്ങളും
ആശംസിക്കുന്നു.

സ്നേഹപൂർവ്വം
ബിജു വർഗ്ഗീസ്

# എഡിറ്റോറിയൽ ബോർഡ്

ഡിജിറ്റൽ മാഗസിൻ

## എഡിറ്റർ
ചഞ്ചൽ ആർ

## സബ് എഡിറ്റർ
ആഗ്നെയ് രാജേഷ്

## അണിയറ ശില്പികൾ
ശ്യദ്ധ
ആര്യൻ
അതീഥി
മഹ്റുഫൂസ്
അമൽ എസ്
ജിഷ്ണു

ഡിജിറ്റൽ മാഗസിൻ

# എഡിറ്റോറിയൽ

കാലപ്രവാഹത്തിൽ മനുഷ്യമനസ്സുകൾ യാന്ത്രികതയുടെ ചട്ടക്കൂടുകളിലൊതുങ്ങുമ്പോൾ ദാഹാർദ്രമായ മനസ്സുകളിലേയ്ക്ക് ആശയങ്ങളുടെ നീർക്കുമിളകളുതിർത്ത് ഞങ്ങൾ സ്വഭിമാനം സമർപ്പിക്കുന്നു.

രചനയിലോ ഉള്ളടക്കത്തിലോ ഏതെങ്കിലും വിധത്തിലോ ഉള്ള പോരായ്മകൾ സദയം ക്ഷമിക്കുമല്ലോ !

അക്ഷരപ്പൂക്കൾ പുറത്തിറക്കുന്നതിന് സഹായ സഹകരണങ്ങൾ നൽകിയ ഞങ്ങളുടെ അധ്യാപകരോടും സഹപാഠികളോടും ഞങ്ങളുടെ കടപ്പാട് രേഖപ്പെടുത്തുന്നു.

# മറുപക്ഷം

ചിലർക്ക് മണ്ണിൻറെ മണം,
മാമ്പഴത്തിൻ മാധുര്യം,
സന്തോഷത്തിൻറെ താളം,
അതാണ് മഴ......
എന്നാൽ എനിക്കത്
മരണത്തിൻറെ ഇടിമുഴക്കം മാത്രം.
അവർ അവിടെ
ആർത്തുല്ലസിച്ചാടുമ്പോൾ,
ഞാനിവിടെ ഇതാ രക്ഷയ്ക്കായി
മുറവിളി കൂട്ടുന്നു.
മഴത്തുള്ളികളുടെ ശബ്ദം
അവർക്ക് പൊട്ടിച്ചിരികളായി
മാറുമ്പോൾ
എൻ കാതിൽ അത് കീലൻറെ
ചിലമ്പൊലികൾ.
കൊണ്ടുപോയി എൻ കാടും വീടും
എൻറെ പ്രാണൻറെ പ്രാണനും.
എന്നാൽ എന്തിനായി
കൊണ്ടുപോയി എൻബാല്യവും
കൗമാരവും
യൗവനവും........

ചഞ്ചൽ ആർ


By
Shifa.c


Kokila-H

# ഒരു പുഞ്ചിരി




ധനുമാസരാവിലെ
ഒരു പ്രഭാതത്തിൽ നീ
വശ്യതയാർന്നൊരു ഹിമകണമായ്
എൻ മുന്നിൽ വന്നു നിന്നു.

നിഷ്കളങ്കമാം നിൻറെ കണ്ണുകൾ
മുത്തുതോൽക്കും നിൻ പാൽപല്ലുകൾ
അരുണിമയാർന്ന പൂവിതളുപോലെ
ചുണ്ടുകൾ.

കണ്ണാടിതോൽക്കും നിൻകവിളുകൾ
പുഞ്ചിരിതൂവികൊണ്ടെന്നെ നോക്കി
നീ കൈ വീശി അകലുമ്പോൾ
എന്താണെന്നറിയില്ല

വിതുമ്പിയെൻ ചുണ്ടുകൾ
ആർദ്രമായെൻ കണ്ണുകൾ.... ആ
നിറ നയനങ്ങളോടെ നിന്നെ നോക്കി
ഞാനും വീശി ......... കൈയുകൾ
നിൻ പുഞ്ചിരിയെ ഓർത്തുകൊണ്ട്....

സ്മിത, 8G

# വേദന

പതിവിലേറെ മനോഹരമായി പഠിക്കാൻ തുടങ്ങിയിരുന്നു ശ്രീക്കുട്ടൻ. സ്റ്റാഫ് റൂമിലേയ്ക്ക് കയറി വന്ന അനിത ടീച്ചർ അറിയാതെ പറഞ്ഞു. ശരണ്യ ടീച്ചർ അതിനെ ശരിവച്ച് കൊണ്ട് പറഞ്ഞു. ഓണപരീക്ഷയ്ക്ക് നല്ല മാർക്കുണ്ട് അവന്. ഞാനും അത് ശ്രദ്ധിച്ചിരുന്നു. നന്നായി പഠിക്കുന്നുണ്ട് അവനിപ്പോൾ. തിങ്കളാഴ്ച്ചകളിലെ ഉച്ചയ്ക്ക് ആദ്യത്തെ പിരിഡ് മലയാളമായിരുന്നു. ഒരു പൂന്തോട്ടത്തെ കുറിച്ചും അതിൻറെ ഉടമയെക്കുറിച്ചും ഉള്ള കഥയായിരുന്നു. കഥ കേട്ടുകൊണ്ട് ഏറ്റവും മുന്നിലെ ബെഞ്ചിൽ അവൻ ഇരുന്നിരുന്നു ശ്രീക്കുട്ടൻ. അവനെ കാണുമ്പോൾ നെഞ്ചിൽ ഒരു വേദനയായിരുന്നു. അമ്മ മരിച്ച പോയ കുഞ്ഞുങ്ങളെ കാണുമ്പോൾ ഏതൊരു അമ്മപോലെ എൻറെ ഉള്ളും ഒന്നു പിടച്ച് പോകും.

ഞാൻ ചെയറിൽ ഇരുന്നു ടേബിളിൽ ചാരി കൊണ്ട് അവനും നന്നായി പഠിക്കുന്നുണ്ടല്ലോ ശ്രീക്കുട്ടാ ഗൃഹപാഠം എല്ലാം തനിയെ ആണോ എഴുതുന്നത്. അതെ ടീച്ചറേ അവൻ തലയാട്ടിക്കൊണ്ട് പറഞ്ഞു.

മുഖത്തേക്ക് നോക്കാതെ അവൻ താഴെയ്ക്ക് നോക്കി നിന്നു. കൈയ്യിൽ പിടിച്ചു കൊണ്ട് മെല്ലെ ചോദിച്ചു. സുഖമല്ലേ മോനെ മുഖം മെല്ലെ ഉയർത്തി അവൻ ചിരിച്ചു മുൻനിരയിൽ കൊഴിഞ്ഞുപോയ ഒരു പല്ല് മുളച്ചുതുടങ്ങിയിരുന്നു. അവൻ മെല്ലെ ചോദിച്ചു ടീച്ചറേ , നല്ല ആളുകളെ അല്ലെ ദൈവം കൂട്ടിയിട്ട് പോകുന്നത്. ദൈവത്തിൻറെ പൂന്തോട്ടത്തിൽ ജോലിക്കൊടുത്ത് അവരെ ദൈവമല്ലെ നോക്കുന്നത്. നെഞ്ചിലേയ്ക്ക് ഒരു കല്ല് എടുത്ത് വച്ച പോലെ എനിക്ക് തോന്നി. ഒരു ചോക്ക് കഷ്ണം കൊണ്ട് ടേബിൾ തുമ്പത്ത് ചെറുതായി കോറിക്കൊണ്ട് അവൻ ചോദിച്ചു. ടീച്ചറെ ഞാനും ഇപ്പോൾ നല്ല കുട്ടിയായില്ലേ. എന്നെ എപ്പോഴാ ദൈവം കൊണ്ടുപോവാ...

അതുകേട്ട് ഞാൻ തിരിച്ചു പോയി. എൻറെ കണ്ണുകൾ ഞാൻ പോലുമറിയാതെ ഒഴുകാൻ തുടങ്ങി.

ബെല്ലടിച്ചു കൈയിലെ ചോക്കു കഷ്ണം എൻറെ കൈയിൽ വച്ചു തന്നിട്ട് അവൻ സീറ്റിലേക്ക് പോയി. ആ ചോക്ക് കഷ്ണത്തിന് അപ്പോൾ ഒരു കുന്നോളം ഭാരമുണ്ടായിരുന്നു.

ദിയ മനോജ്

7C

# നാണിയേടത്തി



ബസ്സ് മലമുകളിലേക്ക് നിറഞ്ഞ പ്രകൃതി ഭംഗിയെയും തലോടി ദീർഘനിശ്വാസം എടുത്തു കൊണ്ട് പോകുന്നു. ഇറങ്ങേണ്ട സമയമായപ്പോൾ ഞങ്ങളിറങ്ങി. ജിബി ടീച്ചറിന്റെ മകന്റെ കല്യാണത്തിന് മുമ്പുള്ള കല്യാണ വിശേഷങ്ങൾ അറിയാനുള്ള യാത്രയിലായിരുന്നു. പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ച ആ നാട് പോലെ മനോഹരം തന്നെയായിരുന്നു ടീച്ചറിന്റെ വീട്. നിറയെ അലങ്കാര ചെടികൾ കൊണ്ടും പുഷ്പങ്ങൾ കൊണ്ടും ഭംഗിയുള്ള ഒരു കിളിക്കൂടു പോലത്തെ വീട്. വീട്ടുകാരും കിളികളെ പോലെ സ്നേഹത്തോടെ തൊട്ടുരുമ്മി ജീവിക്കുന്നവർ. ഞങ്ങൾ കലപില കൂട്ടി അവിടെയെല്ലാം കറങ്ങിനടന്നു. ചായയും നാരങ്ങാവെള്ളവും ടീച്ചർ ഉണ്ടാക്കിയ അവലോസുണ്ടയും എല്ലാം ആസ്വദിച്ചു കഴിച്ചു. സ്നേഹത്തിൽ ചാലിച്ച് തന്നത് കൊണ്ടാവാം അതിനൊക്കെ അസാധ്യസ്വാദ് ആയിരുന്നു. പണ്ടത്തെ ക്രിസ്ത്യാനി തറവാടുകളിൽ ഉള്ളതുപോലത്തെ അതിഥി സൽക്കാരം. തിരിച്ചു പോകേണ്ട സമയമായിട്ടും ഫോട്ടോയെടുത്തും സെൽഫിയെടുത്തും ആഹ്ലാദിച്ചു നടന്നു. ബസ്സിന് സമയമായപ്പോൾ ഞങ്ങൾ ചന്ദ്രേട്ടന്റെ സ്പെഷ്യൽ സോഡ കുടിക്കാൻ ഇറങ്ങി. ഏറെ സ്നേഹത്തോടെ

പാലക്കാടൻ ചുവയുള്ള ശബ്ദത്തിൽ ചന്ദ്രേട്ടൻ ഞങ്ങളെ സ്വീകരിച്ചു. സോഡയും നന്നാരി സർബത്തും പിന്നെ ചില പൊടിക്കൈകളും ചേർത്ത് ചന്ദ്രേട്ടന്റെ സ്പെഷ്യൽ സോഡ! സന്തോഷത്തോടൊപ്പം ഉന്മേഷവും കലർന്ന സോഡ ഞങ്ങളെ ഇരട്ടിമധുരത്തിലാക്കി. അപ്പോഴാണ് നാണിയേടത്തിയുടെ വരവ്. നാണിയേടത്തി നാണിച്ചു നാണിച്ച് വന്ന് ചന്ദ്രേട്ടനോട് അല്പം സ്വകാര്യത്തിൽ ചില കാര്യങ്ങൾ പറഞ്ഞു. ചന്ദ്രേട്ടൻ അതിലും വലിയ സ്വകാര്യതയിൽ രണ്ട് പൊതിയെടുത്ത് നാണിയേടത്തിക്ക് കൊടുത്തു. നാണിയേടത്തി കിട്ടിയ പൊതി ഉള്ളം കയ്യിൽ ഒളിപ്പിച്ചുവെച്ചു. ജിബി ടീച്ചർ നാണിയേടത്തിയെ ഞങ്ങൾക്ക് പരിചയപ്പെടുത്തി. പറഞ്ഞു വന്നപ്പോൾ നാണിയേടത്തി പതിനഞ്ചാം വയസ്സിൽ മഞ്ഞപ്രയിൽ നിന്നും വിവാഹിതയായി കിഴക്കഞ്ചേരിയുടെ മലനാടൻ പ്രദേശങ്ങളിലേക്ക് ചേക്കേറിയതാണ്. വർഷങ്ങളേറെ കഴിഞ്ഞിരിക്കുന്നു. 80 മത്തെ വയസ്സിലും സൗന്ദര്യവും ചുറുചുറുക്കും കൊണ്ട് നാണിയേടത്തി നമ്മളെ അത്ഭുതപ്പെടുത്തുന്നു. ചുളിവ് വീണെങ്കിലും സ്വർണ്ണ നിറമുള്ള കവിൾ തടങ്ങളിൽ ഇപ്പോഴും ഉദയസൂര്യന്റെ ശോഭ. ബ്ലൗസും മുണ്ടും തോളത്തൊരു ചുവന്ന കളർ തോർത്തും ഇരു മൂക്കുകളിലും മൂക്കുത്തിയും നാണം കലർന്ന ചിരിയുമായി പഴക്കുലകൾക്കിടയിൽ നാണിയേടത്തി പതുങ്ങി നിന്നു. പൊതുവെ പാലക്കാടൻ നൊസ്റ്റാൾജിയ ഉള്ള എന്റെ മൊബൈൽ

ക്യാമറയുടെ കണ്ണുകൾ നാണിയേടത്തിയേയും ഒപ്പിയെടുത്തു. എന്റെ ആകാംക്ഷ വിട്ടു ഒഴിഞ്ഞില്ല. നാണിയേടത്തി കൈക്കുള്ളിൽ ചുരുട്ടിപ്പിടിച്ചിരിക്കുകയും ചന്ദ്രേട്ടനോട് രഹസ്യമായി പറയുകയും ചെയ്തതിനെക്കുറിച്ചായിരുന്നു എന്റെ ചിന്ത. ആകാംക്ഷയുടെ മുൾമുന എന്നെ കുത്തിനോവിച്ചു തുടങ്ങിയപ്പോൾ അറിയാതെ ചോദിച്ചു പോയി, നാണിയേടത്തി കൈക്കുള്ളിൽ ചുരുട്ടി പിടിച്ചിരിക്കുന്നത് എന്താണെന്ന്! വെറ്റിലക്കറയുള്ള, വായിൽ അവശേഷിക്കുന്ന പല്ലുകൾ കാട്ടി വളരെ നിഷ്കളങ്കമായി പുഞ്ചിരിച്ചുകൊണ്ട് പിന്നെയും നാണത്തോടെ നാണിയേടത്തി പറഞ്ഞു
"അത് മൂക്കി പൊടിയാണ് മോളെ.."
"മൂക്കി പൊടിയോ? അത് ആർക്കുള്ളതാ?"
എന്റെ ആകാംക്ഷ പിന്നെയും വർദ്ധിച്ചു. എൺപതാം വയസ്സിൽ ഓടിച്ചാടി നടക്കുന്ന ഈ സൗന്ദര്യദാമത്തിന്റെ രഹസ്യം മൂക്കിപ്പൊടി ആയിരിക്കുമോ? ആകാംക്ഷയുടെ ഒടുക്കത്തിൽ നാണി ഏടത്തിയുടെ ശബ്ദം
"അത് അങ്ങേർക്കുള്ളതാ...."
"ആർക്ക്....?"
ഞാൻ പിന്നെയും ചോദിച്ചു
"പുള്ളിക്കാരനെ...."



എന്റെ ആകാംക്ഷയുടെ എല്ലാ നിലയും തെറ്റിയെന്ന് മനസ്സിലാക്കിയ ജിബി ടീച്ചർ അതിനെ വിശദീകരിച്ചു തന്നു. നാണിയേടത്തിയുടെ ഭർത്താവിനുള്ളതാണ്

മൂക്കിൽ പൊടി. നാണിയേടത്തി കാണുന്ന കാലം മുതൽ അദ്ദേഹത്തിനുള്ള ഏക ദുശ്ശീലം. മറ്റെല്ലാം കൊണ്ടും സ്നേഹസമ്പന്നൻ.
ഞാൻ വിട്ടില്ല. പിന്നെയും ചോദിച്ചു.
"നാണിയേടത്തി...മൂപ്പരുടെ പേരെന്താ?"
നാണിയേടത്തി കാൽനഖം കൊണ്ട് ചന്ദ്രേട്ടന്റെ ടൈലുപാകിയ കടയ്ക്ക് മുന്നിൽ കളം വരച്ചു.
"കണ്ണേട്ടൻ..."
പതിഞ്ഞ ശബ്ദത്തിൽ അങ്ങനെ പറയുമ്പോൾ നാണിയേടത്തിയുടെ നുണക്കുഴികൾ തെളിഞ്ഞു.
പിന്നെ ഉറക്കെ ചിരിച്ചു!!
കണ്ണേട്ടൻ നാണിയേടത്തിയുടെ മുറച്ചെറുക്കൻ ആണെന്നും, വളരെ ചെറുപ്പത്തിൽ തന്നെ കല്യാണം കഴിച്ചതാണെന്നും, നാണിയേടത്തിയെ കൃത്യസമയം കഴിഞ്ഞ് കണ്ടില്ലെങ്കിൽ അന്വേഷിച്ച് ഇറങ്ങുമെന്നും എല്ലാം ജിബി ടീച്ചർ കൂട്ടിച്ചേർത്തു.
വളവ് തിരിഞ്ഞ് വന്ന ബസ്സിന്റെ ഹോണടി ഞങ്ങളുടെ രസച്ചരടിനെ മുറിച്ചു. പതിയെ എല്ലാവരും ബസ്സിലേക്ക് കയറി. പിന്നിലേക്ക് ഓടിമറയുന്ന കാഴ്ചകളെ മറച്ചുകൊണ്ട് എന്റെ മനസ്സിൽ നാണിയേടത്തിയും കണ്ണേട്ടനും ഏഴഴകോടെ നിറഞ്ഞു നിന്നു.

രശ്മി
സോഷ്യൽ അദ്ധ്യാപിക

ഡിജിറ്റൽ മാഗസിൻ

ഡിജിറ്റൽ മാഗസിൻ

# കാറ്റു വന്നു വിളിച്ചപ്പോൾ

തരളമാം നിന്നുടെ
തളിർമേനി തഴുകുന്ന
കുളിരിളം വന്നവൾ
എൻതളിർ മേനിയെ
പുൽകിമെല്ലെ–
ഒരു ചുംബനത്താലവൾ –
എൻ
കണ്ണിലെ
ഓമൽകിനാവിനെ
തൊട്ടുണർത്തി
ഉടലാകെകുളിരുന്നു
ഉടലാട ഉതിരുന്നു
മലർവാടിതങ്ങളെ
ചുംബിക്കുന്നു
ഒരുകൊഞ്ചലോടെ
ആ – കുളിർകാറ്റവന്നു
വിളിച്ചനേരം.

സ്മിത
8G

# പരിധി

അറപ്പ് നിറഞ്ഞ കണ്ണുകളും
കീറിപ്പറിഞ്ഞ ഹൃദയവും
അവളുടെ സ്തംഭിച്ചുപോയി
ചുണ്ടുകളെ ശകാരിച്ചു.
കാരണം,
അവ പറഞ്ഞില്ല ,.....
മതി. പരിധിക്കും അപ്പുറത്താണ്
ഇത് എന്ന്
അവൾക്ക് മുന്നിൽ
ഇരിക്കുകയായിരുന്ന അയാൾ
അപ്പോഴും
അയാളുടെ കണ്ണിലെ ഭ്രമം
കെടാതെ ആളിക്കൊണ്ടേയിരുന്നു.

ചഞ്ചൽ ആർ



# ദൈവത്തിന്റെ സ്വന്തം നാട്

കേരളം.. ആർഷഭാരത സംസ്കാരത്തിന്റെ ഹൃദയത്തുടിപ്പുകൾ സൂക്ഷിക്കുന്ന സുന്ദരനാട്. മലകളും പുഴകളും പൂങ്കാവനങ്ങളും പട്ടു തൊങ്ങലണിയിച്ച പ്രകൃതിയുടെ വരദാനം.വികസനത്തിലും വിദ്യയിലും സംസ്കാരത്തിലും സൗന്ദര്യത്തിലും ഭാരതത്തിന്റെ തിലകക്കുറിയായി മാറിയ നമ്മുടെ പുണ്യ നാട്... അതെ.. ഇത് കേരളത്തിന്റെ അല്പംപഴയ ചിത്രം..പക്ഷേ ഇന്നോ?

”കേരളം എന്ന പേര് കേട്ടാൽ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ”എന്നു പാടിയ കവി ഇന്ന് ജീവനോടെ ഇല്ലാത്തതു ഭാഗ്യം! അല്ലെങ്കിൽ ഈ കലാപ കേരളം കണ്ട് കരളുരുക്കി കരഞ്ഞേനെ!

മനുഷ്യൻ വളർന്നപ്പോൾ അവന്റെ സംസ്കാരവും വളർന്നു. ഒപ്പം ഏതു വിധേനയും സമ്പന്നനാകാനുള്ള ഓട്ടത്തിനിടയിൽ ബലി കഴിക്കപ്പെടുന്നു. മധ്യ ദുരന്തവും പെൺ വാണിഭവും എല്ലാം ആവർത്തിക്കപ്പെടുന്നു. ഒടുവിൽ മനുഷ്യന്റെ ക്രൂരത പ്രകൃതിയോട് ആയപ്പോൾ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യപ്പെടുകയും അവരെല്ലാം സമ്പന്നരുടെ കീശയിൽ നാണയത്തുട്ടുകൾ ആയി മാറുകയും ചെയ്തു. നാൽപത്തിനാല് നദികളും ശുദ്ധജല തടാകങ്ങളും ഉള്ള കേരളത്തിലെ കുടിവെള്ളത്തിനായി പൈപ്പിൻ ചുവട്ടിൽ ക്യൂ നിൽക്കേണ്ട അവസ്ഥയാണ് മലയാളിക്ക്.മലകളും മരങ്ങളും കോൺക്രീറ്റ് വനങ്ങൾക്കായി വഴി മാറുകയും അനിയന്ത്രിമായ വ്യവസായവൽക്കരണം പൊടി പൊട്ടിക്കുകയും ചെയ്യുമ്പോൾ ശുദവായു എന്ന ഓക്സിജൻ പാർലറുകളിൽ മാത്രം ലഭിക്കുന്ന അപൂർവ്വ വസ്തുവായി മാറുന്ന അവസ്ഥ ദൂരത്തല്ല.പ്രകൃതിയെ പരിഗണിക്കാതെ മനുഷ്യൻ നടത്തുന്ന വികസന പ്രവർത്തനങ്ങൾ കൂടിക്കൂടി

വരികയാണ്. ഭാവി തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സാധ്യതയെയും നിലനിർത്തി വേണം വികസനം എന്ന സങ്കല്പം മുന്നോട്ടു കൊണ്ടു പോകാൻ. എങ്ങനെയും വികസനം എന്ന പാതയിൽ മുന്നേറിയാൽ നാശത്തിന്റെയും നഷ്ടത്തിന്റെയും വിത്തുകൾ അവയ്ക്കിടയിൽ ഒളിഞ്ഞിരിപ്പുണ്ടാകും എന്ന് നാം തിരിച്ചറിയണം.വികസന പ്രവർത്തനങ്ങൾക്ക് പ്രകൃതി വിഭവങ്ങളുടെ ഉപയോഗം അനിവാര്യമാണ്. ഉപയോഗങ്ങൾ അമിതമാകുമ്പോഴോ അശാസ്ത്രീയമാകുമ്പോഴോ പരിസ്ഥിതിക്ക് നാശം സംഭവിക്കുന്നു.എല്ലാവിധത്തിലുമുള്ള പരിസ്ഥിതി മലിനീകരണം ഒഴിവാക്കിക്കൊണ്ട് വികസനം സാധ്യമാക്കുകയാണ് വേണ്ടത്. ഇവിടെ മാനുഷിക മൂല്യങ്ങൾ

സംരക്ഷിക്കപ്പെടണം. അതിനായി ഉദ്യക്തരായ ഒരു ജനത സംരക്ഷിക്കപ്പെടണം. നമ്മുടെ വിദ്യാലയങ്ങൾ അറിവിന്റെയും സ്നേഹത്തിന്റെയും കേളിരംഗമാവണം.നമ്മുടെ പുതുനാമ്പുകൾ സത്യത്തിന്റെയും ധർമ്മത്തിന്റെയും ജ്യോതിസ്സുകൾ ആവണം. മനുഷ്യരോടും പ്രകൃതിയോടും ഈശ്വരനോട് പ്രതിബന്ധതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതായിരിക്കണം നമ്മുടെ ലക്ഷ്യം ഇന്നത്തെ കട്ടി നാളത്തെ

പൗരനാണ് എന്ന വിശ്വാസത്തെ മുറുക്കിപ്പിടിച്ചുകൊണ്ട് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും തെളിനീരിൽ വൈരാഗ്യത്തിന്റെ കറപുരളാത്ത ഒരു വിദ്യാർത്ഥി സമൂഹത്തെ നമുക്ക് വാർത്തെടുക്കാം.

അങ്ങനെ ദൈവം മനസ്സറിഞ്ഞ് സൃഷ്ടിച്ച നമ്മുടെ നാടിന്റെ വിശുദ്ധിയും സംസ്കാരവും സൗന്ദര്യവും സംരക്ഷിക്കുവാനം നമ്മുടെ നാട് എന്നും ”ദൈവത്തിന്റെ സ്വന്തം നാട്” എന്ന പദവിയിൽ ഇരിക്കേണ്ടത് എന്നും നമുക്ക് പരിശ്രമിക്കാം. അല്ലെങ്കിൽ പരശുവിനാൽ പൊങ്ങി വന്ന ഈ പുണ്യ നാട് ഒരുനാൾ അസ്തമിച്ച് പോകില്ലെന്ന് ആരു കണ്ടു?

ഫെബിൻ
10 C

ഡിജിറ്റൽ മാഗസിൻ

# മഴച്ചൊല്ലുകൾ



- മഴയില്ലേൽ പുഴയുമില്ല
- മഴയില്ലെങ്കിൽ വഴി പെരുവഴി
- മഴക്കൊമ്പ് പുഴക്കൊമ്പ്
- മഴയ്ക്കുഴക്ക് കറവ്, മഴതരു മഴ കിന്റെ നിറവ്
- മഴ പൊഴിഞ്ഞില്ലേൽ പുഴകഴിയും
- മഴ താഴോട്ടില്ലേൽ പുഴ കീഴോട്ട്
- ആയിരം വേനലിന് അരമഴ
- മകരത്തിൽമഴ പെയ്താൽ
- മലയാളം മുടിയും
- മകയിരത്തിൽ മതിമറന്ന മഴ
- മഴ വീണാൽ സഹിക്കാം. മാനം വീണാലോ?
  മാരി കടമില്ല
- മീനത്തിലെ മഴയ്ക്ക് മീനിനും ഇരയില്ല
- തോറാന വന്നാൽ ആറാന മുങ്ങും
- പെരുമഴ പെരുമ്പറ കൊട്ടി
- മഴയക്ക് നേരെ വാ നേരെ പോ
- മഴയ്ക്ക് തുഴ വേണ്ട തുഴയക്കു മഴ വേണം
- ധനുമഴ വന്നാൽ നടുതല പോക്ക്

അർച്ചന
9E

# പക്ഷി വിജ്ഞാനം



ആര്യൻ, 10E

സ്വാധാനത്തിന്റെ പ്രതീകമാണ് പക്ഷി - പ്രാവ്

ഇന്ത്യയുടെ ദേശ്യ പക്ഷി - മയിൽ

ഇംഗ്ലണ്ടിലെ ദേശീയ പക്ഷി- റോബിൻ

ഡിജിറ്റൽ മാഗസിൻ

അമേരിക്കയുടെ ദേശീയ പക്ഷി- കഴുകൻ

പറക്കുന്ന സസ്തനി- വവ്വാൽ

ചിറകില്ലാത്ത പക്ഷി- പെൻഗ്വിൻ

അടയിരിക്കുന്ന ആൺപക്ഷി- ഒട്ടകപക്ഷി

ഏറ്റവും വലിയ മുട്ടയിടുന്ന പക്ഷി- ഒട്ടകപക്ഷി

കർഷകന്റെ മിത്രം എന്നറിയപ്പെടുന്ന പക്ഷി- മൂങ്ങ

തലകീഴായി കിടക്കുന്ന പക്ഷി- വവ്വാൽ

കാട്ടിലെ മരപണിക്കാരൻ എന്നറിയപ്പെടുന്ന പക്ഷി- മരംകൊത്തി

മരത്തിൽ ജീവിക്കുന്ന പക്ഷി-പെൻഗ്വിൻ

ഏറവും ചെറിയ പക്ഷി- ഹമ്മിംഗ് ബേർഡ്

എല്ലുകളിൽ വായു അറകളുള്ള ജീവി- പ്രാവ്

# കടലിനെ സ്നേഹിച്ചവർ

സ◌ൂര്യനും ചന്ദ്രനും ഇരുവരും കടലിനെ സ്നേഹിക്കുന്നു. ഇരുട്ടിൽ മൂടിയ തനിക്ക് വെളിച്ചം തരാൻ സൂര്യൻ വരുന്നു. എന്നാൽ സൂര്യൻ അറിയുന്നില്ല, ഇരുട്ടിലും ഒരു നിലാവ് പോലെ ചെറു വെളിച്ചത്തോടെ ചന്ദ്രൻ ഉണ്ടാവാറുണ്ട്.

പകൽ മുഴുവനും തനിക്ക് വെളിച്ചം തന്ന് തന്നെ ചൂടാക്കി കൊല്ലുന്നു എന്ന് കടൽ.

ഇരുൾ മുഴുവനും തനിക്ക് കൂട്ടായി തന്നെ വിറപ്പിച്ച് ചന്ദ്രൻ എന്ന് കടൽ.

ഇരുവരും തന്നെ അതിനായി സ്നേഹിക്കുന്നു. എന്നാൽ ഞാൻ സ്നേഹിക്കുന്നത് കരയെയാണ്. കാരണം ഒന്നു തിരയടിച്ചാലും എന്നെ വിട്ട് എങ്ങും പോവാതെ ഇരുളും പകലും എന്നോടൊപ്പം തന്നെയുണ്ട്.

ചന്ദ്രനെയും സൂര്യനെയും ഇഷ്ടമാണ്. കാരണം ഞങ്ങൾ ഒന്നിക്കാൻ വെളിച്ചം തരുന്നത് ഇവർ രണ്ടു പേരും ചേർന്നാണ്. എൻറെ ഏറ്റവും നല്ല സുഹൃത്തുകൾ. എന്നാൽ പാവം എൻറെ സുഹൃത്തുക്കൾ അവർ എന്നെ സ്നേഹിക്കുന്നു. അവരെ സ്നേഹിക്കുന്നവരെ അവർക്ക് കണ്ടെത്താൻ കഴിയുന്നില്ല. കടലായ

എനിക്കറിയാം സൂര്യനെ സ്നേഹിക്കുന്നത് പുലരിയും
ചന്ദ്രനെ സ്നേഹിക്കുന്നത് സന്ധ്യയെയുമാണെന്ന്. സന്ധ്യവരുമ്പോഴാണ് തനിക്ക് ഇരുട്ടിൽ വെളിച്ചം തരാൻ സാധിക്കുന്നത് എന്നു ചന്ദ്രനും പുലരി വരുമ്പോഴാണ് തനിക്ക് പകലിൽ വെളിച്ചം തരാൻ സാധിക്കുന്നത് എന്നും ഇരുവരും അറിയാതെ പോകുന്നു.
ഇരുവരും അവരെ സ്നേഹിക്കുന്നതുവരെ ഭൂമി തരിശയും , മനസ്സിലാക്കി കഴിയുമ്പോൾ ഭൂമിയിൽ പുതിയൊരു പുലരിയും ഇരുളും നൽകി സ്നേഹം എന്ന മൂന്നു പദങ്ങൾ കൊണ്ട് ഭൂയി എന്ന കടലും കരയും ആയ ഞങ്ങൾക്ക് പുതിയൊരു ഉഷസ്സ് തരാൻ സാധിക്കും - കടൽ

അശ്വതി എസ്

ഡിജിറ്റൽ മാഗസിൻ





# ശിശുദിനറാലി

നവംബർ 14 -ാം തീയ്യതി സ്കൂൾ , നേഴ്സറി , കുട്ടികളുടെ സംയുക്തമായ ശിശുദിനറാലി നടന്നു. എൽ പി , നേഴ്സറി കുട്ടികൾക്ക് മധുര വിതരണം നടത്തി. ബഹു. സ്കൂൾ മാനേജർ കെ. ഉദയകുമാർ , ബഹു. ഹെഡ്മിസ്ട്രസ് കെ. ഇന്ദുലേഖ ടീച്ചർ , പി ടി എ പ്രസിഡന്റ് , വാർഡ് മെമ്പർ തുടങ്ങിയവർ സന്ദേശം നൽകി. ഭാരതാംബ , ഗാന്ധിജി , ഭഗത്സിംഗ് , ചാച്ചാജി , ഇന്ദിരാഗാന്ധി തുടങ്ങിയവരുടെ മതസൗഹാർദ്ധവേഷങ്ങൾ കുട്ടികൾ അവതരിപ്പിച്ചു. വളരെ ഭംഗിയായി ശിശുദിനറാലി നടന്നു. പ്ലാസ്റ്റിക് വിമുക്ത സ്കൂൾ എന്ന ലക്ഷ്യം വച്ചുകൊണ്ട് മറ്റു പരുപാടികളും നടന്നും.





ഡിജിറ്റൽ മാഗസിൻ

# വിദ്യാരംഗം കലാസാഹിത്യവേദി

കുട്ടികളിൽ സാഹിത്യ അഭിരുചിയും കലാനൈപുണ്യവും പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തിച്ചു വരുന്നു. അഞ്ച് മുതൽ പത്താം ക്ലാസ് വരെയുള്ള നൂറോളം കുട്ടികൾ ഇതിൽ അംഗങ്ങളാണ്. ദിനാചരണങ്ങൾ സമുചിതമായി കൊണ്ടാടുക , സാഹിത്യ ക്വിസുകള് നടത്തുക , വായന പക്ഷാചരണത്തോട് അനുബന്ധിച്ച് കൂടുതൽ പുസ്തകങ്ങൾ വായിക്കുകയും വായനാക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക. സ്കൂൾ അസംബ്ലി നടത്തുക , കലാമത്സരങ്ങളിൽ പങ്കെടുക്കുക , കൈയെഴുത്തു മാസികയ്ക്ക് രൂപം കൊടുക്കുക എന്നിവയാണ് വിദ്യാരംഗത്തിന്റെ പ്രവർത്തനങ്ങൾ.

ഈ വർഷം ജൂൺ 19 ാം തീയ്യതി

ഡിജിറ്റൽ മാഗസിൻ

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഔദ്യോഗിക ഉദ്ഘാടനം പ്രശസ്ത സാഹിത്യകാരി ബിതാദാസ് നിർവ്വഹിച്ചു.

പി എൻ പണിക്കരുടെ അനുസ്മരണത്തോട് അനുബന്ധിച്ചു നടന്ന വായന ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം ആഷിവ് ഖാനും , രണ്ടാം സ്ഥാനം സാഗർ കൃഷ്ണയും നേടി. ബഷീർ ദിന അനിസ്മരണത്തിൽ വിദ്യാരംഗത്തിലെ അംഗങ്ങൾ സ്കൂൾ അസംബ്ലി നടത്തുകയും , ബഷീർ കൃതികളിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുകയും ചെയ്തു.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന ഉപജില്ലാ കലോൽസവത്തിൽ മുപ്പത്തിഞ്ച് കുട്ടികൾ പങ്കെടുത്തു. രണ്ട് കുട്ടികൾക്ക് ജില്ലാ മത്സരത്തിൽ പങ്കെടുക്കാൻ. യോഗ്യതനേടി.

## എൻറെ വിദ്യാലയം

അറിവിൻറെ സാഗരം നീന്തിക്കടന്നെന്നെ
ഞാനാക്കിയ വിദ്യാലയം.
സ്നേഹമാകുന്ന മൂന്നക്ഷരങ്ങൾ
എങ്ങും തുളുമ്പുന്ന പള്ളിക്കൂടം.
ഇവിടമാണെൻറെ അറിവിൻറെ ഉറവിടം
ഇനിടമാണെൻറെ കിനാക്കളുടെ ഉറവിടം
ഇനിടെയാണെൻറെ സൗഹൃദം
ഇവിടെയാണ് ഞങ്ങൾ ഒന്നായ്
പിരിഞ്ഞതും
ഇനി ഞാനെത്ര വളർന്നീടിലും
അനുഗ്രഹം ചൊരിയുമെൻ ഗുരുക്കന്മാർ
ആദ്യാക്ഷരങ്ങൾക്ക പകരമായി
നല്ല ഗുണങ്ങൾ പകർന്നു നൽകി
അവിടെ ഞാൻ എൻറെ ശിരസ്സ്
നമിക്കട്ടെ
വളരട്ടെ ഉയരട്ടെ എൻ വിദ്യാലയം.......

ഐശ്വര്യ എൻ

# Meaning Of Success

The word success has seven letters each letters in the word stands certain quality.

s

S stands for Sincerit
U stands for Urge
C stands for Courteous
C stands for Confidence
E stands for Earnestness
S stands for Serious
S stands for Solver

ഡി
ജി
റ്റ
ൽ

മാ
ഗ
സി
ൻ









ഡിജിറ്റൽ മാഗസിൻ

## പ്രവേശനോത്സവം 2023 24
## ഓർമ്മക്കുറിപ്പ്

നമ്മുടെ ജീവിതത്തിൽ ഏറ്റവും വിലമതിക്കാനാകാത്ത ഓർമ്മകൾ സമ്മാനിച്ചതാണ് നമ്മുടെ സ്കൂൾ ജീവിതം. ഇനിയൊരിക്കലും തിരിച്ചു കിട്ടാത്ത മധുര ഓർമ്മകളാണ് ആ ദിനങ്ങൾ. രണ്ടുമാസത്തിനുശേഷം കാണുന്നതുകൊണ്ട് എന്തോ പുതിയൊരു ഭംഗി അവിടെ ആകെ തെളിഞ്ഞു കണ്ടു.വിദ്യാലയം മുറ്റത്തിലേക്ക് കാലെടുത്തു വച്ചപ്പോൾ ഒരുപാട് ഓർമ്മകൾ മനസ്സിലൂടെ മിന്നി മാഞ്ഞു.പുതിയ ക്ലാസും, പുതിയ അധ്യാപകരും, പുതിയ കൂട്ടുകാരും ആയിരുന്നു. ആദ്യം ക്ലാസ് കണ്ടുപിടിക്കാനുള്ള ആവേശത്തിൽ സ്കൂളിൽ ചുറ്റി നടന്നു.ശേഷം പുതിയ അധ്യാപകരെയും കൂട്ടുകാരും ഒക്കെയും പരിചയപ്പെട്ടു. ശേഷം പ്രവേശനോത്സവം പരിപാടികൾ ആരംഭിച്ചു. ചടങ്ങ് ഉദ്ഘാടനം ചെയ്യാൻ പാലക്കാടിന്റെ സ്വന്തം പാട്ടുകാരൻ പ്രണവ് ശശി ഞങ്ങളുടെ സ്കൂളിലേക്ക് വന്നു.കുഞ്ഞു കുരുന്നുകൾ മിന്നുന്ന വസ്ത്രങ്ങൾ അണിഞ്ഞ് നൃത്തത്തിന് ഒരുങ്ങി നിൽക്കുകയാണ്. ഒരു തെറ്റും കൂടാതെ കുഞ്ഞ് ചുവടുകൾ വച്ച് അവർ നൃത്തം ചെയ്തു. പിന്നീട് അങ്ങോട്ട് ഡാൻസിന്റെയും പാട്ടുകളുടെയും ഒരു നിരത്തന്നെയായിരുന്നു. എൽപിഎം,യുപിയും, ഹൈസ്കൂളും,ഒക്കെ പരിപാടികളിൽ ഒന്നിച്ചു പങ്കെടുത്തു. പ്രവേശനോത്സവം കുറെ കൂടി ഭംഗിയാക്കാൻ ഒരുപാട് നാടൻ പാട്ടുകളും ആൽബം സോങ്ങുകളും ഒക്കെ അദ്ദേഹം ഞങ്ങൾക്കായി അവതരിപ്പിച്ചു.പാട്ട് കേട്ടപ്പോൾ തന്നെ കുട്ടികൾ ആവേശമായി. മാത്രമല്ല സ്വയം മറന്നു ആ വിദ്യാലയം മുറ്റത്ത് അവർ ഒരുമിച്ച് കളിച്ചു.ആവേശത്തിന്റെ ഒരു തരി പോലും കുറയ്ക്കാതെ എല്ലാവരും

അതിൽ പങ്കെടുത്ത. അധ്യാപകരാകട്ടെ മനസ്സ് നിറഞ്ഞ ആ കാഴ്ച കണ്ട് ആസ്വദിക്കുകയായിരുന്നു.



ഈ പ്രവേശനോത്സവം ഓർമ്മ ഞാൻ ഒരിക്കലും മറക്കില്ല എന്നത് തീർച്ച തന്നെ കാരണം അത്രയേറെ നല്ല അനുഭവങ്ങൾ എനിക്ക് ഇവിടെ നിന്നും ലഭിക്കുന്നുണ്ട്. സ്കൂളിലെ എന്റെ അവസാനത്തെ പ്രവേശനോത്സവം എനിക്ക് ഒരുപാട് ആസ്വദിക്കാൻ പറ്റി. അതിൽ ഞാൻ ഒത്തിരി സന്തുഷ്ടയാണ്.

ജിനി. എച്ച്
X – F



# ഹൃദയത്തിൽ പതിച്ച ആദ്യ തുള്ളി



പുഴ തന്റെ സങ്കടം ആവലാതിയോടെ മേഘത്തിലേക്ക് നോക്കി പറയുകയാണ്.

ഒരുപാട് മാസങ്ങൾക്കുശേഷം ഇതാ ആകാശത്തിലെ മഴത്തുള്ളി എന്റെ ഹൃദയത്തിൽ പതിച്ചിരിക്കുന്നു. മഴയുടെ ആദ്യതുള്ളി എന്റെ വരണ്ട ഹൃദയത്തെ പുനർജനിപ്പിച്ചു.ജീവനില്ലാത്ത എന്റെ ഞരമ്പിലൂടെ രക്തയോട്ടം വന്നതുപോലെ അനുഭവപ്പെട്ടു.

ഹൃദയത്തിൽ വിള്ളൽ പാടുകളിൽ ആശ്വാസമായി തണുത്ത ജലകണികകൾ പതിക്കുവാൻ തുടങ്ങി. ആ അനുഭവം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. എന്നാൽ എന്റെ ആ സന്തോഷം കുറച്ചുനേരത്തേക്ക് മാത്രമായിരുന്നു. എന്തെന്നറിയില്ല പെട്ടെന്ന് തന്നെ അവ ധൃതിപിടിച്ച് മേഘത്തിലേക് തന്നെ തിരിച്ചു പോയി. ഒരുപാട് നേരം വേഗത്തിലേക്ക് നോക്കിനിന്നെങ്കിലും ഫലം ഉണ്ടായില്ല. അവയുടെ വരവിനായി വീണ്ടും കാത്തിരിപ്പാണ്. പക്ഷേ സൂര്യന്റെ മൂർച്ചയേറിയ രശ്മികൾ ആണ് എന്നിലേക്ക് വന്നു പതിച്ചത്.അവ എന്റെ ഹൃദയത്തിലേക്ക് തുളച്ചു കയറി.

ജിനി. എച്ച്
X – F

ഡിജിറ്റൽ മാഗസിൻ

## നന്ദിയുടെ ഒരു വാക്ക്

സ്കൂളിലെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിൻറെ
പ്രവർത്തന പദ്ധതിയുടെ ഭാഗമായി
തയ്യാറാക്കിയ മാഗസീൻ അക്ഷരപ്പൂക്കൾ
ഇവിടെ പൂർത്തിയാവുന്നു. ഈ മാഗസിൻറെ
രൂപീകരണത്തിന് പിന്നിൽ
പ്രവർത്തിച്ച എല്ലാവർക്കും നന്ദി.
ആവശ്യമായ സമയത്ത് വേണ്ട
നിർദ്ദശങ്ങളും ഉപദേശങ്ങളും
പ്രോത്സാഹനങ്ങളും നൽകിയ
പ്രധാനാധ്യാപികയ്ക്കും എല്ലാ അധ്യാപകർക്കും
കൂട്ടുകാർക്കും നന്ദി....
ഒരിക്കൽക്കൂടി....
സഹകരിച്ചവർക്കും പ്രതികരിച്ചവർക്കും ഒപ്പം
നിന്നവർക്കും
എല്ലാവർക്കും നന്ദി... നന്ദി.....